"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - എൻ.സി.ഡി.സി. - വാർഷിക പദ്ധതി - 2024-25 - കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ. 365 ന് രണ്ടാം ഗഡു ധനസഹായം അനുവദിക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.78/2025/Co-Op തീയതി,തിരുവനന്തപുരം, 11-02-2025

---

പരാമർശം:-

1. എൻ സി ഡി സി റീജിയണൽ ഡയറക്ടറുടെ 21/01/2016 ലെ NCDC 59-13/2015/TVM/195/SA 50136നമ്പർ കത്ത്.
2. . സ.ഉ (സാധാ) നം 585/2016/സഹ തീയതി 22/11/2016
3. സഹകരണ സംഘം രജിസ്ട്രാറുടെ 08/05/2023 ലെ പി & എം. എ (3) 5751/22 നം കത്ത്
4. സ.ഉ (സാധാ) നം.339/2023/സഹ തീയതി 07/06/2023
5. സ.ഉ (സാധാ) നം.385/2023/സഹ തീയതി 26/06/2023
6. സഹകരണ സംഘം രജിസ്ട്രാറുടെ 16/05/2024 ലെ പി & എം എ (3)5751/2022 നം കത്ത്
7. സ.ഉ (സാധാ) നം. 319/2024/സഹ തീയതി 26/06/2024
8. സർക്കുലർ നം 35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ. 365 ന് M&E ബ്രാഞ്ച് കെട്ടിടത്തിന്റെ വിപുലീകരണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള എൻ.സി.ഡി.സി. ധനസഹായമായി 61.45 ലക്ഷം രൂപ (ഓഹരി - 27.31 ലക്ഷം രൂപ, വായ്പ – 34.14 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം എൻ.സി.ഡി.സി. യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 22.195 ലക്ഷം രൂപ (ഓഹരി - 13.655 ലക്ഷം രൂപ വായ്പ – 8.540 ലക്ഷം രൂപ) പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. അനുമതി ലഭിച്ച എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 39.255 ലക്ഷം രൂപ (മുപ്പത്തൊമ്പത് ലക്ഷത്തി ഇരുപത്തയ്യായിരത്തിഅഞ്ഞൂറ് രൂപ

മാത്രം) {(ഓഹരി - 13.655 ലക്ഷം രൂപ (ശീർഷകം - 4425-108-42-34-3) ,വായ്പ - 25.60 ലക്ഷം രൂപയും (ശീർഷകം-6425-108-19)} 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനു് പരാമർശം (4, 5) സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ വായ്പ ഇനത്തിലെ 25.60 ലക്ഷം രൂപ (ശീർഷകം-6425-108-19) 2023-24 സാമ്പത്തികവർഷം പിൻവലിച്ച് വിനിയോഗിക്കുവാൻ സാധിച്ചിരുന്നില്ല. ടി തുക 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (7) സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ. 365 ന് M&E ബ്രാഞ്ച് കെട്ടിടത്തിന്റെ വിപുലീകരണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡു ധനസഹായത്തിൽ ഇനി പിൻവലിച്ചുനൽകുവാനുള്ള 25.60 ലക്ഷം രൂപ (ഇരുപത്തഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) 6425-108-19 ശീർഷകത്തിൽ നിന്നും, നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക, പരാമർശം (8) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2024-25 സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
4. ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/159/2016/ധന)
5. വെബ് & ന്യൂ മീഡിയ, 6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 12-02-2025 11:58:19

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്